(സി) ഇപ്പോഴത്തെ വ്യവസായവകുപ്പുമന്ത്രി ചാർജ്ജെടുത്തതിനുശേഷം എത്രപേരെ നിയമിച്ചു?

(ഡി) അവയിൽ പട്ടികജാതിയിൽ ഏതേതുസമുദായത്തിൽപ്പെട്ടവർ എത്രപേരെവീതം നിയമിച്ചു; ആരെയെല്ലാം?

ഉത്തരം

(എ) തൃശ്ശൂർഡിസ്ട്രിക്റ്റിൽ ഗവണ്മെൻറുടമയിലുള്ള വ്യവസായ സ്ഥാപനങ്ങളൊന്നും ഇല്ല.

(ബി,സി,ഡി) ചോദ്യം ഉദിക്കുന്നില്ല.

അച്ചടിവ്യവസായത്തിലെ മിനിമം വേജസ്.

45. [19] ശ്രീ. എസ്സ്. കുമാരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അച്ചടിവ്യവസായത്തിന്റെ മിനിമം വേജസ് പുനഃപരിശോധിക്കണമെന്ന ആവശ്യം തൊഴിലാളിയൂണിയൻകാരും ഉന്നയിച്ചിട്ടുണ്ടോ?

(ബി) ഈ വ്യവസായത്തിന്റെ മിനിമം വേജസ് പുനഃപരിശോധിക്കുവാൻ ഉദ്ദേശമുണ്ടോ?

ഉത്തരം

(എ) അച്ചടിവ്യവസായത്തിൽ നിജപ്പെടുത്തിയിട്ടുള്ള മിനമം വേജസ് പുനഃപരിശോധിക്കണമെന്നു തിരുവനന്തപുരം പ്രസ്സ്വർക്കേഴ്സ് യൂണിയനും കോഴിക്കോട് ദേശീയപ്രസ്സ് ലേബർയൂണിയനും ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) ഇപ്പോൾ ഉദ്ദേശമില്ല.

മർദ്ദിച്ചതായി പരാതി.

46. [24] ശ്രീ. കെ. കൃഷ്ണപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എക്സൈസ് ഡിപ്പാർട്ടുമെൻറിലെ ഫ്ളെയിംഗ് സ്കാഡ് ഇൻസ്പെക്റ്ററും പാർട്ടിയും ചേർന്ന് പുനലൂർ ഉള്ള മർമ്മാണി വൈദ്യശാലയിൽ പ്രവേശിച്ച് ഒരു ജോലിക്കാരനെ മർദ്ദിച്ചതായുള്ള പരാതി അടുത്ത കാലത്തു ഗവണ്മെൻറിനു ലഭിച്ചിട്ടുണ്ടോ;

(ബി) ഈ പരാതിയെപ്പറ്റി അന്വേഷണം നടത്തിയിട്ടുണ്ടോ;

(സി) ആരാണു അന്വേഷണം നടത്തിയതു;

(ഡി) അന്വേഷണഫലമെന്താണു?

ഉത്തരം

(എ) ഉണ്ടു.

(ബി,സി,ഡി) അന്വേഷണം നടത്തി റിപ്പോർട്ടയയ്ക്കാൻ കൊല്ലം അസിസ്റ്റൻറു എക്സൈസ് കമ്മീഷണറോടു ആവശ്യപ്പെട്ടിട്ടുണ്ട്. റിപ്പോർട്ടു കിട്ടിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

Mr. Speaker : Order, order. Question hour is over.

QUESTION OF PRIVILEGE

Mr. Speaker : Shri C. Achutha Menon had given notic yesterday of a question of privilege. I call upon Shri Achutha Meno to state the facts.

ശ്രീ. സി. അച്യുത മേനോൻ: സർ, ഞാൻ ഇവിടെ ഹാജരാക്കിയ അ കാര്യപരിപാടിയിൽ ഉൾപ്പെടുത്തുന്നതിനുവേണ്ടി ഒരു പ്രമേയം അവതരിപ്പിക്കുന്നതിനുള്ള അനുവാദത്തിനുവേണ്ടി ഞാൻ ഇന്നലെ അപേക്ഷിച്ചിരുന്നു. ആ പ്രമേയത്തിന്റെ അടിസ്ഥാനം ഞാൻ വിശദീകരിക്കാം. ഇ മാസം മൂന്നാം തീയതി ഞാൻ ഈ നിയമസഭയിൽ ഒരു അടിയന്തിര പ്രമേയ അവതരിപ്പിക്കുകയുണ്ടായി. ഈ മന്ത്രിസഭയിലെ ഒരംഗമായ ശ്രീ. പി. ടി ചാക്കോ മന്ത്രിസ്ഥാനം രാജിവച്ചൊന്നോ വച്ചില്ലെന്നോയുള്ള കിംവദന്തിയു അടിസ്ഥാനത്തിൽ ഈ ഗവണ്മെന്റിനു് അനിശ്ചിതാവസ്ഥ വന്നിട്ടുണ്ടെന്നു അതുകൊണ്ടു് ഭരണയന്ത്രത്തിനു് സ്തംഭനം വന്നിട്ടുണ്ടെന്നും ഉള്ള കാര ങ്ങളെപ്പറ്റി ചർച്ച ചെയ്യണമെന്നായിരുന്നു ആ പ്രമേയത്തിൽ പറഞ്ഞിരു ന്നതു്. അതിനു് മറുപടി പറഞ്ഞ കൂട്ടത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ ചില പ്രസ്താവനകളും ചെയ്യുകയുണ്ടായി. ആ പ്രസ്താവനക സത്യത്തിനു് നിരക്കാത്തതാണെന്നുള്ളതാണു് എന്റെ പ്രമേയത്തിന്റെ അടി സ്ഥാനം. ഇതിൽ രണ്ടു സംഗതികളാണു് എനിക്കു് ചൂണ്ടിക്കാണിക്കാനുള്ളതു ശ്രീ. പി. ടി. ചാക്കോ ഡൽഹിയിൽപോയി മടങ്ങിവന്നു് ഈമാസം 13–ാ തീയതി വിമാനത്താവളത്തിൽവച്ചു് പത്രപ്രതിനിധികളോടു് സംസാരിച്ച തിന്റെ റിപ്പോർട്ടു് ഇവിടത്തെ എല്ലാ പത്രങ്ങളിലും വന്നുകഴിഞ്ഞിട്ടുള്ള താണു്. ആ റിപ്പോർട്ടിൽ രണ്ടു സംഗതികളും വ്യക്തമായി അദ്ദേഹം പറഞ്ഞ അതായതു് പീച്ചി സംഭവത്തിന്റെ അടിസ്ഥാനത്തിൽ ശ്രീ. പി. ടി. ചാക്കോ ആഭ്യന്തരവകുപ്പു് ഒഴിഞ്ഞുകൊടുക്കണമെന്നു ഒരു നിർദ്ദേശം കേന്ദ്ര ആഭ്യന്ത മന്ത്രി ശ്രീ. നന്ദയിൽ നിന്നു് ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ മുഖ്യമന്ത്രി അതിനു് അദ്ദേഹത്തോടു് ആവശ്യപ്പെട്ടുവെന്നും, താനതിനു് തയ്യാറായില്ലെന്നു അദ്ദേഹം പ്രസ്താവിക്കുകയുണ്ടായി. ശ്രീ. നന്ദയിൽനിന്നു് അങ്ങനെയൊ നിർദ്ദേശം മുഖ്യമന്ത്രിക്കു് ലഭിച്ചിട്ടില്ലെന്നാണു് തന്റെ അറിവെന്നു് അതിനു ഉപോൽബലകമായി അദ്ദേഹം പറഞ്ഞു, അതൊരു സംഗതി. അതുപോലെ തന്നെ മറെറാരു സംഗതി അനൗപചാരികമായ ഒരു ക്യാബിനറ്റ് യോഗത്തിൽ വച്ചു് ശ്രീ. പി. ടി. ചാക്കോയെ ഒഴിവാക്കിക്കൊണ്ടു് മന്ത്രിസഭ പുനഃസംഘ ടിപ്പിക്കണമെന്ന തീരുമാനമുണ്ടായി. ആ തീരുമാനത്തിന്റെ അടിസ്ഥാ ത്തിൽ ആ തീരുമാനം അറിഞ്ഞുകൊണ്ടു്, തനിക്കു് മന്ത്രിസഭയിൽ തുടരുവാ സാദ്ധ്യമല്ലെന്ന മനസ്സിലാക്കിക്കൊണ്ടാണു് തന്റെ ഔദ്യോഗിക വസതിയാ 'റോസ്ഹൗസു്' ഒഴിഞ്ഞുകൊടുത്തു് 'വാഴരേക്കു്' പോയതെന്നു് അദ്ദേഹം ഭ പ്രസ്താവനയിൽ പറഞ്ഞിരുന്നു. ഈ കാര്യങ്ങളെല്ലാം പത്രങ്ങളിൽകൂടിയു മറുമൊക്കെ ബഹുമാനപ്പെട്ട നിയമസഭാ സാമാജികന്മാർക്കെല്ലാം അറിവുള്ള തായിരുന്നു. അതുവച്ചുകൊണ്ടാണു് ഞാൻ ഈ ഭാഗത്തുനിന്നും അടിയന്തി പ്രമേയം അവതരിപ്പിച്ചതു്. പക്ഷേ മുഖ്യമന്ത്രി അന്നു മറുപടി പറഞ്ഞകൂട്ടത്തിൽ അങ്ങനെ യാതൊരു സംഭവുമുണ്ടായിട്ടില്ല, ആഭ്യന്തരവകുപ്പു് ഒഴിഞ്ഞുകൊ ടുക്കാൻ പറഞ്ഞിട്ടില്ല, മന്ത്രിസഭ പുനഃസംഘടിപ്പിക്കുവാൻ തീരുമാനമെടുത്ത ട്ടില്ല, ഇതെല്ലാം വെറും അടിസ്ഥാനരഹിതങ്ങളായ ആരോപണങ്ങളാണു business as usual എന്നു പറഞ്ഞതുപോലെ കാര്യങ്ങളും നടന്നുപോകുന്നു, ഒ മന്ത്രിക്കു് വേറെ എന്തെങ്കിലും അത്യാവശ്യം പ്രമാണിച്ചു് സഭയിൽ ഹാജരാ കാൻ സാധിക്കാത്ത ഒരു സാധാരണ സംഭവം മാത്രമാണു് ഉണ്ടായിട്ടുള്ളതെ ന്നാണു് പറഞ്ഞതു്. ശ്രീ. പി. ടി. ചാക്കോയുടെ പ്രസ്താവനയുടെ അടി സ്ഥാനത്തിൽ അതു് സത്യമല്ലെന്നാണു് മനസ്സിലാകുന്നതു്. അപ്പോൾ ശ്രീ. പി. ടി. ചാക്കോ പറയുന്നതാണോ സത്യം, അതോ മുഖ്യമന്ത്രി പറ ഞ്ഞതാണോ സത്യം എന്നുള്ള കാര്യത്തെപ്പറ്റി എനിക്കറിയാൻ പാടില്ല. എന്നാ യാലും ഈ സഭയിൽതന്നെ വിവരങ്ങളെസംബന്ധിച്ചിടത്തോളം സത്യമല്ലാത്ത സംഗതികളും അറിയിച്ചിട്ടുണ്ടു്. അതാണു് പ്രധാന സംഗതിയായി ഞാ

LIBRARY ARCHIVES Kerala Legislative Assembly